വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി) :

(എ) മുമ്പ് കൊടുത്തിരുന്നു ; ഇപ്പോയിടെയായിട്ട് അതു നിറുത്തിയിരിക്കുകയാണ്.

(ബി) മുപ്പത്തേഴ് ; മുപ്പത്തിമൂന്നു സ്കൂളുകൾക്കു നൽകി.

(സി) ഇല്ല.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : അപേക്ഷ അയച്ചിട്ട് രണ്ടു കൊല്ലമായിട്ടും, തഴവാ മുസ്ലീം ഹൈസ്കൂളിനു തടി കൊടുക്കാത്തതിനു പ്രത്യേകം കാരണം വല്ലതുമുണ്ടോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : പ്രത്യേക കാരണമൊന്നുമില്ല. ഏതാണ്ടു രണ്ടു കൊല്ലമായിട്ട് അങ്ങനെ തടി കൊടുക്കുന്ന സമ്പ്രദായം വേണ്ടെന്നുവച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ പറയുന്ന സ്കൂളിലെ അപേക്ഷയെ സംബന്ധിച്ച് അനുകൂലമായി പരിഗണിക്കാം.

പിന്നോക്കവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡം.

* 1437. [19] ശ്രീ. കെ. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു വിഭാഗം ആളുകളെ പിന്നാക്കവർഗ്ഗക്കാരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡം എന്തായിരിക്കണമെന്നതിനെ സംബന്ധിച്ച് കേന്ദ്രഗവണ്മെൻറ് ഈ ഗവണ്മെൻറിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് കേരളഗവണ്മെൻറ് കേന്ദ്രഗവണ്മെൻറിന്റെ മുമ്പിൽ വല്ല ശുപാർശയും സമർപ്പിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതു് എന്താണ് ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. പി. കെ. ചാത്തൻ) :

(എ) ഉണ്ട്.

(ബി) നിലവിലുള്ള വ്യവസ്ഥകൾ തുടരണമെന്നും ഈ അസംബ്ലിയിൽതന്നെ ഉണ്ടായിട്ടുള്ള അഭിപ്രായം കേന്ദ്രഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ട്.

ശ്രീ. എം. നാരായണക്കുറുപ്പ് : എന്താണ് ആ അഭിപ്രായം ?

ശ്രീ. പി. കെ. ചാത്തൻ : നിലവിലുള്ള വ്യവസ്ഥകൾ അതേപടി തുടരണമെന്നു്.

ശ്രീ. പി. ടി. ചാക്കോ : ഇങ്ങനെ പിന്നാക്കവർഗ്ഗക്കാരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തണമെങ്കിൽ എന്തായിരിക്കണം മാനദണ്ഡമെന്നു് അറിയിച്ചിട്ടുണ്ടോ ?

ശ്രീ. പി. കെ. ചാത്തൻ : ഇന്നു് ഈ സൗജന്യങ്ങൾ നൽകുന്നതിനു് ചില മാനദണ്ഡങ്ങളുണ്ട്. സാമ്പത്തികവും, സാംസ്കാരികവും, സാമൂഹികവുമായ ചില അവശതകൾ ഉള്ളവരെയാണ് ഈ ലിസ്റ്റിൽ ഉൾപ്പെടുത്തുക. ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം, റിഫാംസ് കമ്മിഷനിയുടെ അഭിപ്രായത്തെ അടിസ്ഥാനമാക്കി, ആ റിപ്പോർട്ട് ഈ സഭയിൽതന്നെ ചർച്ചയ്ക്കു വരികയുണ്ടായി. അതിന്മേൽ ഇവിടെയുണ്ടായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഇന്നു നിലവിലുള്ള മാനദണ്ഡംതന്നെ തുടരാനായിട്ടാണ് അറിയിച്ചിട്ടുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. ചാക്കോ : അതു് ഇപ്പോൾ ഉള്ളതു് തുടരുന്ന കാര്യമാണു്. ഇന്നയിന്ന സമുദായങ്ങളെ പുതുതായി പിന്നാക്കസമുദായലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നു കാണിച്ചു് ആരെങ്കിലും അപേക്ഷിച്ചാൽ, അവരെക്കൂടി അതിൽ ഉൾപ്പെടുത്താൻ എന്തായിരിക്കണം മാനദണ്ഡം എന്നു് അറിയിച്ചിട്ടുണ്ടോ ?

ശ്രീ. പി. കെ. ചാത്തൻ : നിലവിലുള്ള സമുദായങ്ങൾ എത്ര കാലത്തിനുള്ളിൽ നീക്കത്തെണ്ടിവരും, അതു തുടർന്നുകൊണ്ടു പോകണമോ, തുടരണമെങ്കിൽ എന്തായിരിക്കണം മാനദണ്ഡം എന്നുള്ള പര്യാലോചനയിൽ നിലവിലുള്ള മാനദണ്ഡം തുടരണമെന്നാണു് ഗവണ്മെൻറു് കരുതുന്നതു്.

മി. സ്പീക്കർ : പുതുതായി ചേർക്കുന്നതിനു് സ്വീകരിച്ചിരിക്കുന്ന അളവുകോൽ എന്തെങ്കിലും ഉണ്ടോ എന്നാണു ചോദിക്കുന്നതു് ?

ശ്രീ. തോപ്പിൽ ഭാസ്കരൻ പിള്ള : പുതുതായിട്ടു് മറ്റു വിഭാഗത്തിലുള്ളവർ, പിന്നാക്കസമുദായലിസ്റ്റിൽ ചേർക്കുന്നതിനു് അപേക്ഷിക്കുമ്പോൾ സ്വീകരിക്കുന്ന മാനദണ്ഡമെന്താണെന്നാണു ചോദിച്ചിരിക്കുന്നതു്. അതിനുള്ള മറുപടിയും ഇവിടെ പറഞ്ഞുകേട്ടതു്.

Shri C. Achutha Menon : He has already answered that by saying that it is on the consideration of backwardness socially, economically and culturally.

ശ്രീ. പി. ടി. ചാക്കോ : സർ, ഈ ചോദ്യത്തിൽ ചോദിച്ചിരിക്കുന്നതു്, 'ഒരുവിഭാഗം ആളുകളെ പിന്നാക്കവർഗ്ഗക്കാരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡം എന്തായിരിക്കണം' എന്നുള്ളതാണു്. ഇന്നുള്ളവരുടെ സാമൂഹ്യങ്ങൾ തുടരണമോ, അതിനുള്ള മാനദണ്ഡം എന്തായിരിക്കണം എന്നുള്ളതല്ല. ഇനിയും ഈ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നു് ആഗ്രഹിക്കുന്നവരും അപേക്ഷിക്കുന്നവരും ഉണ്ടാകും; അവർക്കും അറിയാൻവേണ്ടി ചോദിക്കുന്നതാണു്. അങ്ങനെ അപേക്ഷിച്ചാൽ അതു പരിഗണിക്കുന്നതിനുള്ള മാനദണ്ഡം എന്തായിരിക്കണമെന്നു കേന്ദ്രത്തിലേക്കു് എഴുതി അയച്ചിട്ടുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : ഇപ്പോൾ നിലവിലുള്ള മാനദണ്ഡംതന്നെ ആ കാര്യത്തിലും സ്വീകരിക്കണമെന്നാണു മറുപടിയിൽ പറഞ്ഞതു്. സാമ്പത്തികവും, സാംസ്കാരികവും, സാമൂഹികവുമായ പരാശതകവും അതാണു് മാനദണ്ഡം.

ശ്രീ. പി. ടി. ചാക്കോ : അതിൽത്തന്നെ, സാമ്പത്തികമായിട്ടു് ഇന്നിന്നതരത്തിൽ, സാംസ്കാരികമായിട്ടു് ഇന്നരീതിയിൽ എന്നു വ്യക്തമായി വല്ല മാനദണ്ഡവും ഉണ്ടോ ?

ശ്രീ. പി. കെ. ചാത്തൻ : ഇന്നു് അതിനെല്ലാം വ്യക്തമായ ഒരു അളവുകോൽ ഉണ്ടു്. വിദ്യാഭ്യാസപരമായും, സാമൂഹ്യമായും, സാമ്പത്തികമായും അവശതകളും അനുഭവിക്കുന്ന പിന്നാക്കസമുദായക്കാർ, പട്ടികജാതിക്കാർ എന്നിവർക്കു് എട്ടുപത്തു കൊല്ലമായി ഈ ആനുകൂല്യം നൽകിവരികയാണു്. ആ അടിസ്ഥാനത്തിൽ ഇനിയും ആരെയെങ്കിലും ഈ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടാൽ, അവർക്കും മറ്റുള്ളവരുടെ മാനദണ്ഡം അനുസരിച്ചുള്ള പരിഗണനയായിരിക്കും ഉള്ളതു്.

ശ്രീ. പി. ടി. ചാക്കോ : സർ, കുറെക്കൂടി വ്യക്തമാകുന്ന രീതിയിൽ ചോദിക്കാം. വെള്ളാളസമുദായത്തെ പിന്നാക്കസമുദായലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനു് അപേക്ഷിച്ചിട്ടുണ്ടു്. ഇന്നത്തെ മാനദണ്ഡത്തിൽ അവരെ ഉൾപ്പെടുത്താൻ സാധിക്കുമോ ?

ശ്രീ. പി. കെ. ചാത്തൻ : വെള്ളാളസമുദായം പിന്നാക്കസമുദായമാണു്; അവരെ പട്ടികജാതിയിൽ ഉൾപ്പെടുത്തണമെന്നു പറഞ്ഞാൽ സാധിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly